# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – * 324 22.08.2017- ൽ മറുപടിയ്ക്ക്

**പ്രവാസികളുടെ കണക്കെടുപ്പ്**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എം. ഉമ്മർ<br>ഡോ.എം.കെ. മുനീർ<br>ശ്രീ. പാറക്കൽ അബ്ദുല്ല<br>ശ്രീ. പി. ഉബൈദുള്ള | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) | പ്രവാസികളുടെ കണക്കെടുപ്പിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; | എ) | ഉണ്ട്.<br>പ്രവാസികളുടെ കണക്ക് ശേഖരിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ " ഓൺലൈൻ രജിസ്ട്രേഷൻ സമ്പ്രദായവും ഡാറ്റാബേസ് രൂപീകരണവും " എന്ന ഒരു പുതിയ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |
| ബി) | എങ്കിൽ ഇതു പ്രകാരം തയ്യാറാക്കുന്ന ഡാറ്റാബേസ് ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ; വിശദവിവരം നല്കാമോ; | ബി) | പ്രവാസികളെയും തിരികെയെത്തുന്ന പ്രവാസികളെയും കുറിച്ചുള്ള കൃത്യവും സമഗ്രവുമായ ഒരു ഡാറ്റാബേസ് രൂപീകരിക്കുന്നതിലൂടെ നൈപുണ്യ സംബന്ധമായ വിവരങ്ങൾ നല്കുന്നതിനും പരസ്പര സമ്പർക്ക സഹായം നല്കുന്നതിനും അടിയന്തിര ഘട്ടങ്ങളിൽ വിവരങ്ങൾ എത്തിക്കുന്നതിനും, പ്രവാസികൾക്കായി നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളാനും അവർക്ക് വേണ്ടുന്ന ക്ഷേമപ്രവർത്തനങ്ങൾ രൂപീകരിക്കാനും പ്രവാസികളുടെ പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹാരം സാധ്യമാക്കാനും ഈ ഡാറ്റാബേസ് ഉപയോഗപ്പെടുത്തുന്നതാണ്. |
| സി) | വിവരശേഖരണവുമായി ബന്ധപ്പെട്ട് ഓൺലൈൻ രജിസ്ട്രേഷൻ നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ? | സി) | വിവരശേഖരണവുമായി ബന്ധപ്പെട്ട് ഓൺലൈൻ രജിസ്ട്രേഷൻ നടത്തുന്നതിനായി നോർക്ക – റൂട്ട്സ് മുഖേന കൃത്യവും സമഗ്രവുമായ ഒരു തത്സമയ ഓൺലൈൻ ഡാറ്റാബേയ്സ് രൂപീകരിക്കുന്നതിന് ഒരു വെബ്സൈറ്റ് തയ്യാറാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**